ലഭിച്ചിരുന്ന 4 വികലാംഗർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 30-11-2007 തീയതിയിൽ സ.ഉ.(പി)നം. 85/2007/എസ്.ഡബ്ള്യു.ഡി. പ്രകാരം സ്ഥിര നിയമനം നൽകിയിട്ടുണ്ട്. നേരിട്ട് നടത്തിയ 6 നിയമനങ്ങളും സ്ഥിര നിയമനങ്ങളാണ്. കരാർ അടിസ്ഥാനത്തിൽ നടത്തിയ താൽക്കാലിക നിയമനങ്ങളൊന്നും സ്ഥിരപ്പെടുത്തിയിട്ടില്ല.

വാട്ടർ പ്യൂരിഫയർ നിർമ്മിക്കുന്ന കമ്പനികൾക്കെതിരെ നടപടി

86 (5764) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ പ്യൂരിഫയർ നിർമ്മിക്കുന്ന കമ്പനികൾ വാർഷിക മെയിന്റനൻസ് ചാർജ് ഈടാക്കിയിട്ടും പലപ്പോഴും ഉപഭോക്താക്കൾക്ക് മെയിന്റനൻസ് സേവനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കളെ വഞ്ചിക്കുന്ന വിവിധ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്യാരണ്ടിയുള്ള വാട്ടർ പ്യൂരിഫയർ കേടായപ്പോൾ കമ്പനി/ ഡീലർ റിപ്പയർ ചെയ്ത് നൽകിയില്ലാ എന്നത് സംബന്ധിച്ച് കൺസ്യൂമർ ഹെൽപ്പ് ലൈനിൽ ലഭിച്ച ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം കമ്പനികൾക്കെതിരെ സ്വമേധയാ കേസ് എടുക്കാൻ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനോ ഫോറത്തിനോ കഴിയുകയില്ല. എന്നാൽ ഫോറത്തിലോ കമ്മീഷനിലോ അത്തരം കമ്പനികൾക്കെതിരെ ഉപഭോക്താവ് പരാതി ഫയൽ ചെയ്താൽ നടപടി സ്വീകരിക്കുന്നുണ്ട്.

നന്ദിയോട് ഹോൾസെയിൽ ഡിപ്പോയിൽ നടന്ന ക്രമക്കേടുകൾ

87 (5765) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ നന്ദിയോട് പഞ്ചായത്തിൽ എ.ഡബ്ല്യു.ഡി.റ്റി 18-ാം നമ്പർ ഹോൾസെയിൽ ഡിപ്പോയിൽ ക്രമക്കേടുകൾ നടന്നതിനാൽ എത്ര തവണ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തുടർ അന്വേഷണത്തിൽ ഡിപ്പോയുടെ ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോയെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly